ഉത്തരം

(എ) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികസർവ്വകലാശാല വെബ് എനേബിൾഡ് എക്സാമിനേഷൻ മാനേജ്മെന്റ് സംവിധാനത്തിൽ കൂടിയാണ് പരീക്ഷകൾ നടത്താൻ തീരുമാനിച്ചിരുന്നത്. അതു സംബന്ധിച്ചുള്ള നടപടികളും കൈക്കൊണ്ടിരുന്നു. എന്നാൽ വിദ്യാർത്ഥി-അദ്ധ്യാപക സമൂഹത്തിന്റെ ആശങ്കകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശപ്രകാരം പ്രസ്തുത സംവിധാനം ഒന്നാം സെമസ്റ്റർ പരീക്ഷകൾക്ക് നടപ്പിലാക്കേണ്ടതില്ല എന്ന് തീരുമാനിച്ചു പകരം സംവിധാനം ഒരുക്കുന്നതിലുള്ള കാലതാമസം കാരണമാണ് ബി.ടെക്., എം.ടെക്. പരീക്ഷകൾ മാറ്റിവച്ചത്. ബി. ടെക്. പരീക്ഷകൾ പൂർത്തിയാക്കിയ സമയക്രമമനുസരിച്ച് നടത്തുകയും ഉത്തരക്കടലാസ് പരിശോധന പൂർത്തീകരിക്കുകയും ചെയ്തു. എം.ടെക്. പരീക്ഷകൾ നടത്താനുള്ള സമയക്രമം നിശ്ചയിച്ചുവരുന്നു.

(ബി) സർവ്വകലാശാല വെബ് എനേബിൾഡ് എക്സാമിനേഷൻ മാനേജ്മെന്റ് സിസ്റ്റം എന്ന രീതിയിലുള്ള പരീക്ഷാനടത്തിപ്പിനുവേണ്ടി ഇ-ടെണ്ടർ മുഖേന ടെണ്ടർ ക്ഷണിക്കുകയും ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ടെക്നിക്കൽ, ഫിനാൻഷ്യൽ, ബിഡ്ഡുകൾ വിലയിരുത്തി കുറഞ്ഞ തുക പറഞ്ഞിരുന്ന മെറിടാക്ക് എന്ന കമ്പനിക്ക് 'ലെറ്റർ ഓഫ് അക്സപ്റ്റൻസ് ' നൽകിയിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് കമ്പനിയുമായി കരാർ ഒന്നും ഒപ്പിട്ടിരുന്നില്ല. കമ്പനിക്ക് സർവ്വകലാശാല തുകയൊന്നും നൽകിയിട്ടില്ല.

(സി) പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട് ഉയർന്ന ആശങ്കകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശപ്രകാരം വെബ് എനേബിൾഡ് എക്സാമിനേഷൻ മാനേജ്മെന്റ് സിസ്റ്റം എന്ന രീതിയിലുള്ള പരീക്ഷാനടത്തിപ്പ് പിൻവലിക്കുകയുണ്ടായി.

(ഡി) പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട് ലഭിച്ച വിവിധ പരാതികളുടെ അടിസ്ഥാനത്തിൽ ബഹു. ഗവർണർ സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലറോട് വിശദാംശം ആവശ്യപ്പെടുകയും ഇതു സംബന്ധിച്ച് സർവ്വകലാശാല നാളിതുവരെ സ്വീകരിച്ച കാര്യങ്ങൾ ബഹു.ഗവർണറെ അറിയിച്ചിട്ടുണ്ട്.

സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം

53(2662) ശ്രീ. എം. എ. ബേബി :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മിക്ക കോളേജുകളും എ.ഐ.സി.ടി.ഇ.യുടെ മാനദണ്ഡങ്ങൾ പാലിച്ചല്ല പ്രവർത്തിക്കുന്നതെന്ന കാര്യം അറിവുള്ളതാണോ; അടിസ്ഥാന സൗകര്യങ്ങളില്ലാതെയും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാതെയും കോളേജുകൾക്ക് അനുമതി നൽകിയതാണ് ഈ സ്ഥിതിവിശേഷത്തിന് കാരണമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം കോളേജുകളുടെ അംഗീകാരം പിൻവലിക്കുന്നതിനും അടച്ചുപൂട്ടുന്നതിനും എ.ഐ.സി.ടി.ഇ. നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇത്തരത്തിൽ നടപടിക്ക് വിധേയമായ എത്ര കോളേജുകളുണ്ട്; വിശദമാക്കാമോ;

(ഡി) എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവാരത്തകർച്ചയും അതുമൂലമുണ്ടായിട്ടുള്ള കുറഞ്ഞ വിജയശതമാനവും സംബന്ധിച്ചുണ്ടായ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിന്റെ ഭാഗമായി എന്തെങ്കിലും പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടാതെ ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2011 മുതൽ 2015 വരെയുള്ള അദ്ധ്യയനവർഷങ്ങളിൽ സംസ്ഥാനത്ത് ഒഴിഞ്ഞു കിടന്ന എഞ്ചിനീയറിംഗ് സീറ്റുകളുടെ കണക്ക് ലഭ്യമാക്കാമോ;

(എഫ്) സ്വാശ്രയ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖല കടുത്ത നിലവാരത്തകർച്ച നേരിടുന്ന സാഹചര്യത്തിൽ ഈ മേഖലയിൽ എന്തെങ്കിലും നിയന്ത്രണം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും എ.ഐ.സി.ടി.ഇ. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചാണ് പ്രവർത്തിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളില്ലാത്തതും, നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് സർക്കാർ NOC നൽകിയിട്ടില്ല. സ്വാശ്രയ മേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ അടിസ്ഥാന, ഭൗതീക സാഹചര്യങ്ങൾ സംബന്ധിച്ച് AICTE-യും ബന്ധപ്പെട്ട സർവ്വകലാശാലകളും പരിശോധനകൾ നടത്തി പ്രസ്തുത സ്ഥാപനങ്ങൾ നൽകുന്ന അപ്രൂവൽ/അഫിലിയേഷന്റെ/ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ NOC നൽകിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2015-16 അദ്ധ്യയന വർഷത്തിൽ പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി (PISAT) പാലക്കാട് എന്ന സ്ഥാപനത്തിന് AICTE യുടർ അംഗീകാരം (Extension of approval) നൽകിയിട്ടില്ല. തിരുവനന്തപുരം ജില്ലയിലെ പി.എ.അസീസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി (PAACET) എന്ന സ്ഥാപനത്തിന്റെ അംഗീകാരവും AICTE പിൻവലിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളെ അതത് സർവ്വകലാശാലയുടെ പരിധിയിൽ വരുന്ന മറ്റ് കോളേജുകളിലേക്ക് മാറ്റി യുടർവിദ്യാഭ്യാസം ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതി സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തെക്കുറിച്ച് പരാമർശം നടത്തിയ സാഹചര്യത്തിൽ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പരിശോധനകൾ നടത്തുന്നതിനായി സർക്കാർ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ, ന്യൂനതകൾ കണ്ടെത്തിയ സ്ഥാപന മേധാവികളെ സർക്കാർ വിളിച്ചുവരുത്തി ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിരുന്നു. കൂടാതെ പുതിയ കോഴ്സുകൾ അനുവദിക്കുന്ന അവസരത്തിൽ സ്ഥാപനങ്ങളുടെ നിലവിലുള്ള വിജയശതമാനം, അദ്ധ്യാപകരുടെ എണ്ണം, യോഗ്യത, മറ്റ് ഭൗതീക സാഹചര്യങ്ങൾ എന്നിവയും പരിഗണിക്കാറുണ്ട്.

സർക്കാർ സ്വീകരിച്ച ഇത്തരം നടപടികളുടെ ഭാഗമായി സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പല ന്യൂനതകളും പരിഹരിക്കപ്പെടുകയും വിജയശതമാനം വർദ്ധിക്കുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടാതെ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച സർക്കാർ സീറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു:

2011	→	3977
2012	→	7262
2013	→	7608
2014	→	11448
2015	→	14822

(എഫ്) ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly